
ജൂലൈ 2020

Price - Rs : 6




# കുഞ്ഞുമിഷനറി



ജൂലൈ 25, മാർ ജേക്കബ് മുരിക്കൻപിതാവിന്റെ
നാമഹേതുകത്തിരുന്നാൾ...
അഭിവന്ദ്യ പിതാവിന് കുഞ്ഞുമിഷനറിയുടെ
പ്രാർത്ഥനാശംസകൾ

# കുഞ്ഞുമിഷനറി

(ഒരു ദൈവവിളി പ്രസിദ്ധീകരണം)

2020 ജൂലൈ | പുസ്തകം LVI | ലക്കം 6



EDITORIAL BOARD

Managing Editor- **Fr. Sebastian Pazheparampil**
Circulation Manager - **Sr. Benjamin Rose S.A.B.S.**
Chief Editor - **M. K. Shibu**
Editor in-charge - **Sebastian Cherpunkal**
Sub Editors - **Justin Vayalil,**
**Manu Cherukattil, Alex Kavukattu,**
**Sobichen Chowattukunnel**
**Roy Kallarangattu, Joby Alackaparambil, Iby Thomas**
Owner Printer Publisher- **Fr. Sebastian Kollamparambil**
DTP & COVER - **St.Thomas Graphics, Pala**


പേജ് | ഉൾപേജുകളിൽ


4. എഡിറ്റോറിയൽ
5. മാർത്തോമ്മാശ്ലീഹാ വിശ്വാസികൾക്കു മാതൃക
8. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും
12. അൽഫോൻസാമ്മയും മിഷൻലീഗും
14. ഇന്നു ക്ഷമിക്കുക (കവിത)
18. ക്രൈസ്തവന്റെ മുഖമുദ്ര
22. പ്രകോപനങ്ങളിൽ തളരരുത്
24. കാനായിലെ കല്യാണം (ചിത്രകഥ)
28. മത്സരക്ഷമതയും കാര്യക്ഷമതയും (ഗുണപാഠകഥ)
32. പാമ്പിനെ പറ്റിച്ചേ...(കഥ)

മറ്റു സ്ഥിരം പംക്തികളും



Kunjumissionary,CML,Mathrubhavan,Bharananganam,
Ph:04822-236381-210811



# എഡിറ്റോറിയൽ

ജൂലൈ 3 നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനതിരുന്നാളാണ്. തോമ്മായിൽനിന്ന് ഈശോയെക്കുറിച്ച് അറിഞ്ഞ നമ്മുടെ പൂർവ്വപിതാക്കൾ തങ്ങൾ സ്വീകരിച്ച വിശ്വാസമാകുന്ന ദീപശിഖ അണഞ്ഞുപോകാതെ തലമുറകളിലൂടെ കൈമാറ്റം ചെയ്തു. ഈ വിശ്വാസക്കൈമാറ്റം പ്രതിസന്ധികൾ നേരിട്ട അവസരങ്ങളിലെല്ലാം തങ്ങൾക്ക് ഈശോയെ വെളിപ്പെടുത്തിയ തോമ്മാശ്ലീഹാ എപ്പോഴും സ്വജീവിതത്തിൽ പ്രകടിപ്പിച്ച അതേ ധീരതയോടെ നമ്മുടെ പിതാക്കന്മാർ മുന്നോട്ടുപോയി. ഒരു പ്രതിസന്ധിക്കും അവരെ തളർത്താനായില്ല. ഈ കാലത്ത് ജീവിക്കുന്ന നാം നമ്മുടെ സഭയുടെ ചരിത്രത്തിൽനിന്നും നമ്മുടെ പിതാക്കന്മാരുടെ ജീവിതത്തിൽനിന്നും പഠിക്കേണ്ട പാഠം വിശ്വാസത്തിലും വിശ്വാസജീവിതത്തിലും പുലർത്തേണ്ട നിഷ്ഠയും കാർക്കശ്യവുമാണ്. നമ്മുടെ വിശ്വാസം നമുക്ക് എല്ലാറ്റിലും വലുതും പ്രിയപ്പെട്ടതുമായിരിക്കണം. പൗലോസ് ശ്ലീഹാ പറയുന്നുണ്ട്: "നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ നിലനിൽക്കുന്നുണ്ടോ എന്നു പരിശോധിക്കുവിൻ; നിങ്ങളെത്തന്നെ പരീക്ഷിച്ചറിയുവിൻ. ഈശോമിശിഹാ നിങ്ങളിലുണ്ട് എന്ന് നിങ്ങൾക്കു ബോധ്യമായിട്ടില്ലേ? ഇല്ലെങ്കിൽ നിങ്ങൾ തീർച്ചയായും പരീക്ഷയിൽ പരാജയപ്പെട്ടിരിക്കുന്നു" (2 കൊറി. 13:5). ഈ ലോക്ഡൗൺ കാലത്ത്, പള്ളിയിൽപ്പോയി കൂദാശകളിൽ പങ്കുചേരാൻ കഴിയാത്ത സാഹചര്യങ്ങളിലും നമ്മുടെ വിശ്വാസജീവിതം ഒളിമങ്ങാത്തതായിരിക്കണം. വീട്ടിലിരുന്നു നാം കൂടുതൽ പ്രാർത്ഥിക്കണം. യാമപ്രാർത്ഥനകൾ ചൊല്ലണം. എല്ലാ ദിവസവും ആഗ്രഹത്തോടെയും ഇഷ്ടത്തോടെയും ബൈബിൾ വായിക്കണം. ജപമാല മനഃപാഠമാക്കി ചൊല്ലാൻ പഠിക്കണം. പരസ്നേഹപ്രവൃത്തികളിലൂടെ വിശ്വാസം കൂടുതൽ അർത്ഥപൂർണ്ണമാക്കണം. സുകൃതജപങ്ങൾ നിരന്തരം ഉരുവിട്ട് നമ്മുടെ മനസ്സിനെ നിർമ്മലചിന്തകളാൽ നിറയ്ക്കണം. ലോകം മുഴുവനിലുമുള്ള എല്ലാ മിഷനറിമാർക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. ഈശോ നിങ്ങളെ അനുഗ്രഹിക്കട്ടെ.

*സ്നേഹപൂർവ്വം*

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ**

# മാർത്തോമ്മാശ്ലീഹാ വിശ്വാസികൾക്കു മാതൃക



**അലക്സ് കാവുകാട്ട്**

**അ**ജ്ഞതയുടെ അന്ധകാരത്തിൽ ആഴ്ന്നുകിടന്ന അന്ധവിശ്വാസികളും അവിശ്വാസികളുമായ ഭാരതമക്കളുടെ ഹൃദയത്തിൽ യഥാർത്ഥ ദൈവവിശ്വാസത്തിന്റെ ദീപ്തി തെളിയിച്ച ക്രിസ്തുശിഷ്യനെ നിങ്ങൾക്കറിയില്ലേ? മൂന്നു വർഷക്കാലം ഈശോയുടെ കൂടെ ജീവിച്ച്, ഈശോയെ ഒരുപാടു സ്നേഹിച്ച്, ഈശോയുടെ കൂടെപ്പോയി മരിക്കാൻ തയ്യാറായ പ്രിയ ശിഷ്യൻ തോമ്മാശ്ലീഹാ. ലാസറിന്റെ ഭവനമായ ബഥാനിയായിലേക്കുള്ള വഴിയാത്രയിൽ ദുഷ്ടശത്രുക്കൾ ഈശോയെ കല്ലെറിയാൻ കാത്തുനില്ക്കുന്നു എന്നറിഞ്ഞ് മറ്റു ശിഷ്യന്മാരെല്ലാം ഈശോയെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. അപ്പോൾ ധീരനായ തോമ്മാശ്ലീഹാ അവർക്കെല്ലാം ധൈര്യം പകർന്നുകൊടുത്ത് ഇങ്ങനെ പറഞ്ഞു. "നമുക്കും അവന്റെകൂടെ പോയി മരിക്കാം" എന്ന്. ഈശോയുടെ കൂടെ ആയിരിക്കാനും അവിടുത്തെ വചനം ലോകാതിർത്തികൾവരെ അറിയിക്കാനുമുള്ള വലിയ ദാഹം തോമ്മാശ്ലീഹായ്ക്കുണ്ടായിരുന്നു. ഈശോയുടെ മരണശേഷം ശിഷ്യന്മാരെല്ലാം ഭയന്നു കതകടച്ചിരിക്കുമ്പോൾ തോമ്മാശ്ലീഹാ അവർക്കുകൂടി ഭക്ഷണമൊരുക്കാൻ ധൈര്യത്തോടെ പുറത്തേയ്ക്കു പോകുന്നു. തോമ്മാശ്ലീഹായുടെ ഈ ധീരതയാണ് വളരെ ദൂരെയുള്ള പേർഷ്യ, എദ്ദേസ, ഇന്ത്യ എന്നിവിടങ്ങളിൽ വരെയെത്തി ആളുകൾക്ക് ഈശോയുടെ വചനം പറഞ്ഞു

കൊടുക്കാൻ പ്രേരണയേകിയത്.

നാമൊക്കെ കാര്യസാധ്യത്തിനുവേണ്ടി നമ്മുടെ മാതാപിതാക്കളോട് ശാഠ്യം പിടിക്കാറില്ലേ? തോമ്മാശ്ലീഹായും വലിയ ശാഠ്യക്കാരനായിരുന്നു. ഈശോയെ എങ്ങനെയെങ്കിലും തനിക്കു കാണണം,അതായിരുന്നു വല്ലോ തോമസിന്റെ ശാഠ്യം. ഉത്ഥാനത്തിനുശേഷം തന്റെ സുഹൃത്തുക്കൾക്കെല്ലാം ഈശോ പ്രത്യക്ഷപ്പെട്ടു. ഈശോയെ കണ്ട കൂട്ടുകാരുടെ വിവരണങ്ങൾ തോമ്മാശ്ലീഹായെ സങ്കടപ്പെടുത്തി. നാം വീട്ടിലില്ലാത്ത അവസരത്തിൽ നമ്മുടെ പ്രിയപ്പെട്ടവർ വീട്ടിൽ വന്നു പോയി എന്നറിയുമ്പോൾ ഉണ്ടാകുന്ന ഒരു സങ്കടം. തോമ്മാശ്ലീഹായ്ക്ക് ഈ സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ഒരു ശപഥം ചെയ്തു. ഈശോയുടെ കൈയിൽ ആണിപ്പഴുതു കണ്ട് അതിൽ വിരലിട്ടാലേ ഞാൻ വിശ്വസിക്കൂ. തോമ്മാശ്ലീഹായുടെ ഈ ശാഠ്യം ഈശോയോടുള്ള സ്നേഹത്തിന്റെ വലിയ പ്രകടനമായിരുന്നു. ഈശോ വീണ്ടുംവന്ന് തോമ്മാശ്ലീഹായെ സന്തോഷിപ്പിച്ചു. ഈ സംഭവം കേൾക്കുന്നവരൊക്കെ ഒരു അവിശ്വാസിയെന്ന് തോമ്മാശ്ലീഹായെ വിളിച്ചേക്കാം. പക്ഷേ അതായിരുന്നില്ല യാഥാർത്ഥ്യം. ഈശോയെ കാണാനുള്ള വലിയ ആഗ്രഹവും ശാഠ്യവുമായിരുന്നു തോമ്മാശ്ലീഹായുടേത്.

പ്രിയ കൂട്ടുകാരേ, വി. തോമ്മാശ്ലീഹായുടെ മക്കളാണ് നാം ഓരോരുത്തരും എന്നത് വലിയ അഭിമാനമാണ്. ഈശോയ്ക്കുവേണ്ടി അനേകരെ നേടിയെടുത്തതിൽ കോപാകുലരായ ശത്രുക്കൾ മൈലാപ്പൂരിലെ ചിന്നമലയിൽ വച്ച് തോമ്മാശ്ലീഹായെ വധിച്ചു. ഭാരതത്തിൽ വിശ്വാസത്തിന്റെ ദീപ്തി തോമ്മാശ്ലീഹാ തെളിയിച്ചു തന്നതാണ്. നമ്മുടെ പൂർവ്വികരിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന വിശ്വാസമെന്ന ദാനം വിശുദ്ധിയോടെ തലമു

റകൾക്ക് പകർന്നുകൊടുക്കാനും വിശ്വാസത്തിൽ അടിയുറച്ച് ഈശോയുടെ കുഞ്ഞുങ്ങളായി വളരുവാനും തോമ്മാശ്ലീഹായുടെ മാധ്യസ്ഥ്യം നമുക്കു ശക്തി നല്കട്ടെ.



# ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

ഫാ. മാത്യു കുമ്പുളുങ്കൽ

**"ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു" യോഹ. 15:5 b**

ഈശോമിശിഹായിൽനിന്നാണ് അനുസരണത്തിന്റെ മാതൃക തിരുസഭ സ്വീകരിക്കുന്നത്. "പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് അകറ്റേണമേ. എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ" (ലൂക്കാ 22:42) എന്നാണ് ഈശോ ഗത്സമേനിൽ പ്രാർത്ഥിക്കുന്നത്.



ഈശോയെ അനുസരിക്കുന്നവരാണ് അവന്റെ ശിഷ്യന്മാരായിത്തീരുന്നത്. "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വസിക്കുകയും ചെയ്യും. എന്നെ സ്നേഹിക്കാത്തവനോ എന്റെ വചനങ്ങൾ പാലിക്കുന്നില്ല" (യോഹ 14,23:24). സ്നേഹത്തിന്റെ പ്രകടനമാണ് അനുസരണം.

ഈശോയുടെ സുവിശേഷം പ്രഘോഷിക്കുന്നതിനുവേണ്ടി തനിക്കു സ്വന്തമായുള്ളതെല്ലാം ത്യജിച്ച് ഇറങ്ങിയവനാണ് പൗലോസ് ശ്ലീഹാ. എന്നാൽ സ്വന്തം പദ്ധതിപ്രകാരമല്ല പൗലോസ് തന്റെ പ്രേഷിതയാത്രകൾ ക്രമീകരിച്ചത്. ഏഷ്യയിൽപോയി സുവിശേഷം പ്രസംഗിക്കാൻ ആഗ്രഹിച്ച പൗലോസ് അങ്ങോട്ടു യാത്ര തിരിച്ചു. പക്ഷേ പരിശുദ്ധാരൂപിയുടെ ഇഷ്ടം അതായിരുന്നില്ല. വി. ഗ്രന്ഥം പറയുന്നു: ‘‘ഏഷ്യയിൽ വചനം പ്രസംഗിക്കുന്നതിൽനിന്ന് പരിശുദ്ധാത്മാവ് അവരെ പിന്തിരിപ്പിച്ചതുകൊണ്ട് അവർ ഫ്രീജിയ, ഗലാത്തിയ എന്നിവിടങ്ങളിലൂടെ യാത്ര ചെയ്തു’’ (അപ്പ 16:6). പിന്നീട് ബിഥീനിയായിലേക്കു സുവിശേഷം പ്രസംഗിക്കാൻ പോയേക്കാമെന്ന് അവർ കരുതി. “എങ്കിലും യേശുവിന്റെ ആത്മാവ് അതിനനുവദിച്ചില്ല. തന്മൂലം, മീസിയാ പിന്നിട്ട് അവർ ത്രോവാസിലേക്കു പോയി’’ (അപ്പ16:8). എവിടെയാണോ പരിശുദ്ധാരൂപി വചനം പ്രസംഗിക്കാൻ നിർദ്ദേശിക്കുന്നത് അവിടെ മാത്രമാണ് പൗലോസ് ശ്ലീഹാ പ്രസംഗിക്കുന്നത്. പരിശുദ്ധാരൂപിയോടുള്ള തന്റെ



സ്നേഹം പൗലോസ് അനുസരണത്തിലൂടെ പ്രകടമാക്കിക്കൊണ്ടിരുന്നു.

അതുപോലെ തന്നെ പൗലോസ് സഭാനേതൃത്വത്തോടും അനുസരണം കാത്തുസൂക്ഷിച്ചിരുന്നു. അവൻ സഭാനേതൃത്വത്തെ കാണാൻ ജറൂസലേമിലേക്കു പോയി. ഗലാത്തിയാ ലേഖനത്തിൽ പൗലോസ് ഇക്കാര്യം വിവരിക്കുന്നു: "അവിടുത്തെ പ്രധാനികളുടെ മുമ്പിൽ, ഞാൻ വിജാതീയരുടെയിടയിൽ പ്രസംഗിക്കുന്ന സുവിശേഷം സ്വകാര്യമായി അവതരിപ്പിച്ചു. ഇത്, ഞാൻ ഓടുന്നതും ഓടിയതും വ്യർത്ഥമാകാതിരിക്കാൻ വേണ്ടിയായിരുന്നു" (ഗലാ 2:2). ഈശോയോടും സഭയോടുമുള്ള തന്റെ സ്നേഹം പൗലോസ് ശ്ലീഹാ വെളിപ്പെടുത്തുന്നത് സഭയുടെ നേതൃസ്തംഭങ്ങളായ യാക്കോബിനോടും കേപ്പായോടും യോഹന്നാനോടുമുള്ള വിധേയത്വവും അനുസരണവും വഴിയാണ് (ഗലാ 2:9).

സ്നേഹത്തിന്റെ അഭാവത്തിൽ അനുസരണക്കേടു സംഭവിക്കുന്നു. അനുസരണമില്ലാതെ സ്വന്തം വഴികളിലൂടെ



നീങ്ങുന്ന ഇസ്രായേൽ ജനത ദൈവത്തെ ദുഃഖിപ്പിക്കുന്നുണ്ട്. അവരെക്കുറിച്ച് അവിടുന്നു പറയുന്നു: "അവർ സദാ തങ്ങളുടെ ഹൃദയത്തിൽ തെറ്റു ചെയ്യുന്നു. എന്റെ വഴികൾ അവർ മനസ്സിലാക്കിയിട്ടില്ല" (ഹെബ്രാ. 3:10).

സഭാശുശ്രൂഷയ്ക്കുവേണ്ടി നിയുക്തരായ പുരോഹിതരും സന്ന്യസ്തരും അത്മായപ്രേഷിതരും തങ്ങളുടെ മെത്രാന്മാരോടും സഭാധികാരികളോടും എപ്പോഴും അനുസരണം കാത്തുസൂക്ഷിക്കുന്നു. തങ്ങളുടെ വ്യക്തിപരമായ ഇഷ്ടങ്ങൾക്കൊത്തല്ല അവർ നീങ്ങുന്നത്. പകരം സഭാധികാരികളുടെ നിർദ്ദേശപ്രകാരമാണ് അവർ വിവിധ മേഖലകളിൽ ശുശ്രൂഷ അനുഷ്ഠിക്കുന്നത്. അങ്ങനെയുള്ളവർ ഏറെ ഫലം പുറപ്പെടുവിക്കുന്നു. അവരെക്കുറിച്ച് ഈശോ പറയുന്നു: "നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എന്റെ ശിഷ്യന്മാരായിരിക്കുകയും ചെയ്യുന്നതുവഴി പിതാവു മഹത്വപ്പെടുന്നു" (യോഹ. 15:8).



■

# അൽഫോൻസാമ്മയും മിഷൻലീഗും



ബ്രദർ. ജോൺ കുഴികണ്ണിൽ

"**നി**ങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും എന്റെ സുവിശേഷം അറിയിക്കുവിൻ" എന്ന ക്രിസ്തുനാഥന്റെ കല്പന ഉള്ളിൽ സ്വീകരിച്ച് 1947-ൽ ഭരണങ്ങാനത്ത് ചെറുപുഷ്പമിഷൻലീഗ് ജന്മമെടുത്തു. 'ഭാരതരക്ഷ ഭാരതമക്കളിൽ' എന്ന ലിയോ പതിമൂന്നാം മാർപാപ്പായുടെ സന്ദേശമായിരുന്നു ആപ്തവാക്യമായി സ്വീകരിച്ചത്. ആഗോളപ്രേഷിതമധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥ്യം യാചിച്ച്, വി. അൽഫോൻസാമ്മയിൽ നിന്ന് പ്രേഷിതപ്രവർത്തനത്തിനുള്ള പ്രചോദനമുൾക്കൊണ്ട് ബഹു. പി.സി. അബ്രാഹം പല്ലാട്ടുകു



ന്നേലിന്റെ (കുഞ്ഞേട്ടൻ)യും ബഹു. ജോസഫ് മാലി പ്പറമ്പിലച്ചന്റെയും നേതൃത്വത്തിൽ ഈ അത്മായപ്രേ ഷിതസംഘടന രൂപമെടുത്തു.

ഈ സംഘടനയുടെ തുടക്കം അൽഫോൻസാമ്മ യിൽനിന്നാണ് എന്നു പറയാം. കാരണം അൽ ഫോൻസാമ്മ രോഗിണിയായിരുന്ന സമയത്ത് വിശാ ഖപട്ടണം രൂപതാ മെത്രാൻ ബിഷപ് റോസിലോൺ ഭരണങ്ങാനത്തെ ക്ലാരമഠം സന്ദർശിക്കുകയും അൽഫോൻസാമ്മയോട് വിശാഖപട്ടണം മിഷനു വേണ്ടി പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെടുകയു മുണ്ടായി. അത് അൽഫോൻസാമ്മയ്ക്ക് ഒരു പ്രചോ ദനമായി. ഇതു പിന്നീട് കൊച്ചുകുട്ടിയായിരുന്ന കുഞ്ഞേട്ടന് ചെറിയ ഉപദേശങ്ങളായി കൈമാറുക യുണ്ടായി. ചാമ്പങ്ങ പെറുക്കുവാൻ മഠത്തിൽ വന്നി രുന്ന അവിരാച്ചൻ എന്ന പി.സി. അബ്രാഹം പിന്നീട് ചെറുപുഷ്പമിഷൻലീഗിന്റെ സ്ഥാപകനേതാവായി ഉയർന്നത് ഈ സൗഹൃദം വഴിയായിരുന്നു.

അൽഫോൻസാമ്മയിൽനിന്ന് ചൈതന്യം ഉൾക്കൊണ്ട് അൽഫോൻസാമ്മയുടെ ജീവിതമുദ്രാ വാക്യമായിരുന്ന സ്നേഹം, ത്യാഗം, സഹനം എന്നി വയോടുകൂടി സേവനം കൂടി കൂട്ടിച്ചേർത്താണ് മിഷൻലീഗ് മുദ്രാവാക്യം രൂപീകരിച്ചത്. അൽ ഫോൻസാമ്മയോടുള്ള ഭക്തിയും സ്നേഹവും കട പ്പാടും സാക്ഷ്യപ്പെടുത്തുന്നതിനായി പതിനായിരക്ക ണക്കിന് കുഞ്ഞുമിഷനറിമാർ എല്ലാ വർഷവും ഭര ണങ്ങാനത്തേക്കും കുടമാളൂരിലേക്കും തീർത്ഥാടനം നടത്തുന്നു. അൽഫോൻസാമ്മയുടെ ജീവിതമാതൃക സ്വജീവിതത്തിൽ പകർത്തി മിഷൻലീഗിന് നവോ ന്മേഷം നൽകുന്നതിന് നമുക്കു പരിശ്രമിക്കാം. ■

# ഇന്നു ക്ഷമിക്കുക

അന്യജനത്തിന്നപരാധം
ഇന്നു ക്ഷമിപ്പൂ നീയെങ്കിൽ
നാളെ നിന്നുടെ അപരാധം
അളവില്ലാതെ ക്ഷമിച്ചീടും
പകരം വീട്ടാൻ പക കാട്ടാൻ
പാരിൽക്കഴിവ് മൃഗങ്ങൾക്കും
തെറ്റു ക്ഷമിച്ചു മഹത്വത്തിൻ
മാറ്റണിയുന്നു, നരൻ മാത്രം.

*വി. ചാവറയച്ചന്റെ മൊഴിമുത്തുകൾ*



സഭാവിജ്ഞാനം

# മതബോധനം

'മതബോധനം' എന്ന പദത്തിന് സമാനമായ ഇംഗ്ലീഷ് പദമാണ് 'കാറ്റേക്കിസിസ്' (Catechesis). ഇതിനു നിദാനമായത് 'കാറ്റക്കെയിൻ' (Katechein) എന്ന ഗ്രീക്കുപദമാണ്. മതബോധനം എന്നതു കൊണ്ട് സഭ ഉദ്ദേശിക്കുന്നത് വിശ്വാസപരിശീലനമ ത്രേ. ഇതു സഭയോളം പഴക്കമുള്ള ഒരു ശുശ്രൂഷ യാണ്. ആദിമസഭയിൽ വിശ്വാസപരിശീലനം നൽകി യിരുന്നത് മാമ്മോദീസാ സ്വീകരണത്തിനു മുമ്പും അതിനെത്തുടർന്നുമായിരുന്നു.



# മിഷൻലീഗ് എന്റെ ദർശനം



... ഭാരതസഭയുടെ ഭാവിവിധാതാക്കൾ എന്ന നിലയിലാണ് ചെറുപുഷ്പമിഷൻലീഗിനെ എന്നും ഞാൻ ദർശിച്ചിട്ടുള്ളത്. യുവതലമുറയ്ക്കു വിസ്മയകരമായ ഒരു വീക്ഷണപഥം അതു തുറന്നുകൊടുക്കുകയും അവരുടെ ഔദാര്യപ്രവർത്തനത്തിന് സീമാതീതമായ ഒരു കളം ഇത് ഒരുക്കുകയും ചെയ്യുന്നു. തീക്ഷ്ണമതികളും വിശുദ്ധരുമായ അനേകം അപ്പസ്തോലന്മാരെ ചെറുപുഷ്പമിഷൻലീഗ് പ്രദാനം ചെയ്യും. അങ്ങനെ പ്രേഷിതപ്രവർത്തനത്തിന് നമ്മുടെ കത്തോലിക്കാസമുദായത്തിന്റെ അപാരമായ കഴിവുകളെ ഉപയോഗിക്കുന്നതിനു സഹായിക്കുമെന്നും എനിക്കുറപ്പുണ്ട്.

തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തായായിരുന്ന ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സന്ദേശത്തിൽനിന്ന്.

1958 മെയ് 26.

# ആത്മനിയന്ത്രണം



ആത്മനിയന്ത്രണം ദീർഘവും ബുദ്ധിമുട്ടുള്ളതുമായ പ്രവൃത്തിയാണ്. അത് ഒരിക്കൽ എന്നേക്കുമായി നേടിയെന്ന് ആർക്കും വിചാരിക്കാനാവില്ല. അതിനു ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ആവർത്തിച്ചുള്ള പരിശ്രമം ആവശ്യമാണ്. ചില കാലഘട്ടങ്ങളിൽ തീവ്രമായ പരിശ്രമം ആവശ്യമായി വരും. ഉദാഹരണത്തിന് വ്യക്തിത്വം രൂപവത്കരിക്കപ്പെടുന്ന ബാല്യകൗമാരഘട്ടങ്ങളിൽ.

**കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം – 2342**

# ക്രൈസ്തവന്റെ മുഖമുദ്ര

സിബി ജോസഫ്

കമ്യൂണിസ്റ്റു ഭരണത്തിലായിരുന്ന റൊമാനിയായിൽ മതസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നു. ഈശോ




യിൽ വിശ്വസിക്കുന്നവരെ മാത്രമല്ല, ക്രൈസ്തവർക്ക് ഭക്ഷണവും മറ്റു സഹായങ്ങളും ചെയ്തുകൊടുക്കുന്നവർക്കും ഭരണകൂടം കഠിനശിക്ഷ നൽകിയിരുന്നു. ഗവൺമെന്റ് പ്രോസിക്യൂട്ടർ ആയിരുന്ന കെവന്റീൻ

ക്രിസ്ത്യാനികളോട് യാതൊരു ദയയും പുലർത്തിയിരുന്നില്ല. തന്റെ മുമ്പിൽ കൊണ്ടുവരുന്നവരെ തൂക്കുമരത്തിലേക്കും ജയിലറയിലേക്കും അദ്ദേഹം തള്ളിവിട്ടു. പക്ഷേ കാലം കെവന്റീനും ഒരു ദിനം കാത്തുവച്ചിരുന്നു. ഒരു വഞ്ചനാകുറ്റത്തിനു പിടിക്കപ്പെട്ട അദ്ദേഹത്തെ തുറുങ്കിലടച്ചു. മറ്റു കുറ്റവാളികളോടൊപ്പം അടുത്തുള്ള കൽക്കരി ഖനിയിൽ നിർദ്ദാക്ഷിണ്യം പണിയെടുപ്പിച്ചു. ആവശ്യത്തിനു ഭക്ഷണമോ വെള്ളമോ മരുന്നോ വസ്ത്രമോ ലഭിച്ചില്ല. മാത്രമല്ല, അക്കാലത്ത് നാട്ടിലാകെ പട്ടിണിയും പടർന്നുപിടിച്ചു. ഒരു കഷണം റൊട്ടിക്കുപോലും ക്ഷാമം നേരിട്ടു. ജയിലിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. ഒരു നേരമെങ്കിലും വയറു നിറഞ്ഞിരുന്നെങ്കിലെന്ന് കെവന്റീനും ആഗ്രഹിച്ചു. വിശപ്പുകൊണ്ട് അയാൾ നിലവിളിച്ചു.

ഇതുകണ്ട് ഒരു സഹതടവുകാരൻ കൈവശമുണ്ടായിരുന്ന കുറച്ചു റൊട്ടി അദ്ദേഹത്തിനു നൽകി. ആർത്തിയോടെ ഭക്ഷിച്ച് വിശപ്പടക്കിയ കെവന്റീൻ തനിക്കു റൊട്ടി തന്ന സഹതടവുകാരനോടു നന്ദി പറഞ്ഞു ചോദിച്ചു: "സഹോദരാ, താങ്കളെ എത്ര വർഷത്തേയ്ക്കാണ് ശിക്ഷിച്ചിരിക്കുന്നത്?"

"ഇരുപതുവർഷം"

"എന്താണു നിങ്ങൾ ചെയ്ത കുറ്റം?"

"ഞാനൊരു ക്രിസ്ത്യാനിയാണ്. വിശക്കുന്ന മറ്റൊരുവന് ഞാനെന്റെ ഭക്ഷണത്തിന്റെ ഓഹരി പങ്കുവ

ച്ചതിനാണ് ഞാൻ ശിക്ഷിക്കപ്പെട്ടത്. ഓർമ്മയുണ്ടോ താങ്കളാണ് അന്ന് എനിക്കു ശിക്ഷ നിർദ്ദേശിച്ച പ്രോസിക്യൂട്ടർ.”

താൻ ചെയ്ത തെറ്റ് എത്ര വലുതായിരുന്നു എന്ന് കെവന്റീന് മനസ്സിലായി.

യഥാർത്ഥ ക്രൈസ്തവന്റെ മുഖമുദ്ര ശത്രുവിനെപ്പോലും സ്നേഹിക്കുന്നതാകണം. ജയിലറയിലെ ഇരുട്ടിൽപോലും ക്രൈസ്തവർ പ്രകാശിക്കണം. “ശത്രുവിനു വിശക്കുമ്പോൾ ആഹാരവും ദാഹത്തിനു ജലവും കൊടുക്കുക; അത് അവന്റെ തലയിൽ പശ്ചാത്താപത്തിന്റെ തീക്കനൽ കൂട്ടും. കർത്താവു നിനക്കു പ്രതിഫലം നൽകുകയും ചെയ്യും” (സുഭാ.25: 21-22).

## കഴിഞ്ഞ ലക്കം പദപ്രശ്നം ഉത്തരം

| | | | | | | |
|---|---|---|---|---|---|---|
| 1 കു | ർ | 2 ബാ | ന | 3 റാ | 4 സ | 5 കാ |
| രി | 6 മാ | ബി | 7 പൈ | 8 ക | ക്രാ | ന |
| ശ് | ർ | 9 ലോ | ഹം | 10 ച | രി | ത്രം |
| | പ്പാ | ൺ | 11 മോ | ഷ | ണം | 12 ഗാ |
| 13 കാ | പ്പ | 14 ചാ | പ്പ | ൽ | നം | യ |
| യേ | 15 ശ | ക് | 16 തി | 17 നോ | ഹ | ക |
| ൻ | 18 ശോ | കം | ര | 19 ദാ | 20 സ | ൻ |



# കർത്താവിന്റെ സംരക്ഷണം


"അത്യുന്നതന്റെ സംരക്ഷണത്തിൽ വസിക്കുന്നവനും,
സർവ്വശക്തന്റെ തണലിൽ കഴിയുന്നവനും,
കർത്താവിനോട് എന്റെ സങ്കേതവും എന്റെ കോട്ടയും
ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയും.
അവിടുന്നു നിന്നെ വേടന്റെ കെണിയിൽനിന്നും
മാരകമായ മഹാമാരിയിൽനിന്നും രക്ഷിക്കും.
തന്റെ തൂവലുകൾകൊണ്ട് അവിടുന്നു നിന്നെ മറച്ചുകൊള്ളും;
അവിടുത്തെ ചിറകുകളുടെ കീഴിൽ നിനക്ക് അഭയം ലഭിക്കും.
അവിടുത്തെ വിശ്വസ്തത നിനക്കു കവചവും പരിചയും ആയിരിക്കും."

(സങ്കീ. 91:1-4)

# പ്രകോപനങ്ങളിൽ തളരരുത്



സി. ഫിലമിൻ സി.എം.സി.



**ഏ**ബ്രാഹം ലിങ്കൺ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. കന്നി പ്രസംഗത്തിനായി സെനറ്റു മെമ്പേഴ്സിനുമുമ്പിൽ അദ്ദേഹം എഴുന്നേറ്റു നിന്നു. പെട്ടെന്ന് ഒരു സെനറ്റ് മെമ്പർ ചാടിയെഴുന്നേറ്റ് ലിങ്കനെ അപമാനിക്കാനായി അഹങ്കാരദ്യോതകമായ ശബ്ദത്തിൽ ഇങ്ങനെ പറഞ്ഞു.

"മിസ്റ്റർ പ്രസിഡന്റ്, നിങ്ങൾ ഇന്ന് അമേരിക്കൻ പ്രസിഡന്റാണ്. പക്ഷേ, ഒരു കാര്യം മറക്കരുത്. നിങ്ങളുടെ പിതാവ് ഒരു ചെരുപ്പുകുത്തിയായിരുന്നു."

ഒരു നിമിഷം, ലിങ്കൻ പതറിപ്പോയി. പക്ഷേ, പെട്ടെന്ന് അദ്ദേഹം തന്റെ സമനില വീണ്ടെടുത്ത് വികാരങ്ങളെ അടക്കി. പുഞ്ചിരിയോടെ പറഞ്ഞു. 'മിസ്റ്റർ ശരിയാണ്. എന്റെ പിതാവു

ചെരുപ്പുകുത്തിയായിരുന്നു. തന്റെ ആ ജോലിയിൽ അദ്ദേഹം നൂറു ശതമാനം ആത്മാർത്ഥത പുലർത്തിയിരുന്നു. പിതാവിനു തന്റെ ജോലിയോടുണ്ടായിരുന്ന അതേ ആത്മാർത്ഥത പ്രസിഡന്റ് എന്ന നിലയിൽ ഞാനും എന്റെ ജോലിയോടു പുലർത്തുന്നതായിരിക്കും."

എത്ര ധീരതയോടെയാണ് അദ്ദേഹം തന്റെ വികാരങ്ങളെ നിയന്ത്രിച്ചതെന്നു നോക്കൂ. ഇവിടെ ആ സെനറ്റിന്റെ ബഹുമാനം മുഴുവൻ എബ്രാഹം ലിങ്കൻ നേടിയെടുത്തു.

മറ്റുള്ളവർ നമ്മെ അനാവശ്യമായി പ്രകോപിപ്പിക്കുമ്പോൾ ശാന്തത വെടിയാതെ പ്രതികരിക്കുമ്പോഴാണ് നാം ബഹുമാനിതരാകുന്നത്.

# ചിരിമരുന്ന്

അമ്മ കുഞ്ഞുമോനോടു വിളിച്ചു ചോദിച്ചു.

"ടോംകുട്ടാ നീ അടുക്കളയിൽ എന്തെടുക്കുവാ?"

ടോംകുട്ടൻ: ഞാൻ ചേച്ചിയെ സഹായിക്കുവാണേ...

ചേച്ചി അവിടെ എന്തെടുക്കുവാ?

ടോംകുട്ടൻ: ഭരണിയിൽനിന്ന് ശർക്കര എടുക്കുവാൻ പാടുപെടുവാണമ്മേ.



ഈശോയുടെ
അദ്ഭുതങ്ങൾ

# കാനായിലെ കല്യാണം


യോഹ. 2:1–11








മകനെ കലവറ യിൽ വീഞ്ഞു തീർന്നിരിക്കുന്നു.
സ്ത്രീയെ എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല.


മറിയം പരിചാരകരോട്
അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ


കാലിയായ ആറു കൽഭരണികൾ അവിടെ ഉണ്ടായിരുന്നു.
അവർ ഭരണികളിൽ വക്കോളം വെള്ളം നിറച്ചു.
ഈ കൽഭരണി കളിൽ വെള്ളം നിറയ്ക്കുവിൻ
ഇനി പകർന്ന് കലവറക്കാരന്റെ അടുത്തുകൊണ്ടു ചെല്ലുവിൻ


കലവറക്കാരൻ വീഞ്ഞായി മാറിയ വെള്ളം രുചിച്ചുനോക്കി.
ഇത്രയും നല്ല വീഞ്ഞ് ഇതുവരെ നീ എവിടെ സൂക്ഷിച്ചുവച്ചു?


എല്ലാവരും മേൽത്തരം
വീഞ്ഞ് ആദ്യം വിളമ്പുന്നു.
നീ ഇത് അവസാനത്തേക്ക്
മാറ്റിവച്ചതെന്ത്?


ഈശോ തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനു
പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമായിരുന്നു അത്.



ഗുണപാഠകഥ

സി. മെറിൻ കണ്ണന്താനം FCC

# മത്സരക്ഷമതയും കാര്യക്ഷമതയും



ശങ്കു മാതാപിതാക്കളോടൊപ്പം കാടിനരികിലുള്ള വീട്ടിലാണു താമസിച്ചിരുന്നത്. ശങ്കുവിനെ അമ്പെയ്ത്ത് പഠിപ്പിക്കാനായിരുന്നു അച്ഛനും അമ്മയ്ക്കും ഇഷ്ടം. പല ഗുരുക്കന്മാരുടെ കീഴിലും ശങ്കു അമ്പെയ്ത്ത് പരിശീലിച്ചു. അമ്പെയ്ത്തിൽ ചാമ്പ്യൻപട്ടം നേടണമെന്ന് അച്ഛനും അമ്മയും അവനെ ഇടയ്ക്കിടെ ഓർമ്മിപ്പിച്ചിരുന്നു. അവന്റെയും ആഗ്രഹം അതായിരുന്നു. അവൻ കഠിനമായ പരിശ്രമത്തിലേർപ്പെട്ടു അവസാനം മത്സരദിവസം വന്നെത്തി. മത്സരത്തിൽ പങ്കെടുത്ത അഞ്ഞൂറു പേരിൽ ഒന്നാമനായത് ശങ്കുവായിരുന്നു. വീട്ടിൽ വലിയൊരു വിരുന്നൊരുക്കി. എല്ലാവരും സന്തോഷിച്ചു. സമ്മാനവും അഭിനന്ദനങ്ങളും ശങ്കു

വിനെ പൊതിഞ്ഞു. ശങ്കുവായിരുന്നു അന്ന് ആ നാട്ടിലെ താരം.

ദിവസങ്ങൾക്കുശേഷം ശങ്കു അമ്പെയ്ത്ത് പരിശീലിപ്പിക്കുന്ന വയോധികനായ ഗുരുവിന്റെ മുമ്പിൽ കഴിവു തെളിയിക്കാനെത്തി. തെല്ലും ഉന്നം പിഴയ്ക്കാതെ പല കുറി അമ്പെയ്ത ശേഷം അവൻ ചോദിച്ചു. എങ്ങനെയുണ്ട് എന്റെ കഴിവ്? ഗുരു ശങ്കുവിനെയും കൂട്ടി മലമുകളിലേക്കു പോയി. അവിടെ നിന്ന് അടുത്ത മലയിലേക്കു പോകാൻ തടിപ്പാലമുണ്ട്. അഗാധഗർത്തത്തിനു മുകളിലെ ഇളകിയാടുന്ന ആ പാലത്തിൽ ശങ്കുവിനെ നിർത്തി ഗുരു പറഞ്ഞു. ഇനി ആ മരത്തിലുള്ള കിളിയെ അമ്പെയ്തു വീഴ്ത്തണം. ഉറപ്പില്ലാത്ത പാലവും ഗർത്തവും കണ്ടു പേടിച്ച ശങ്കുവിന് അമ്പും വില്ലും ശരിയായി പിടിക്കാൻ



പോലുമായില്ല. ഗുരു പറഞ്ഞു. "നീ അമ്പ് നിയന്ത്രിക്കാൻ പഠിച്ചെങ്കിലും മനസ്സു നിയന്ത്രിക്കാൻ പഠിച്ചില്ല."

പരീക്ഷകൾക്കുവേണ്ടി മാത്രം പഠിക്കുകയും സമ്മാനങ്ങൾക്കായി മാത്രം പ്രകടനം നടത്തുകയും ചെയ്യുന്നവർക്കു പ്രതികൂലസാഹചര്യങ്ങൾ വരുമ്പോൾ മുന്നേറാൻ കഴിയാതെ വരും. പഠിച്ച അറിവിനെ പ്രയോഗത്തിൽ വരുത്താനറിയണം. പ്രായോഗികക്ഷമമല്ലാത്ത ഉന്നതവിദ്യാഭ്യാസവും ചാംപ്യൻപട്ടവും നേടി ക്ലാസ്മുറികൾ വിടുന്നവരാണ് പിന്നീടു നാണക്കേടുണ്ടാക്കുന്നത്. മത്സരക്ഷമത മാത്രം പോരാ. കാര്യക്ഷമതയും വേണം. മനസ്സിനെ നിയന്ത്രിക്കുന്നവർക്കു മാത്രമേ സ്ഥായിയായ പ്രകടനങ്ങൾ നടത്താനാവൂ.

# വികാരങ്ങൾ
## പങ്കുവയ്ക്കപ്പെടുമ്പോൾ



- സന്തോഷം പങ്കുവയ്ക്കുമ്പോൾ അത് ഇരട്ടിയാകുന്നു. സങ്കടമാകട്ടെ പാതിയും.
- സുഖം ഈ നിമിഷത്തേതും എന്റേതും മാത്രമാണ്. സന്തോഷം നമ്മുടേതും.
- മറ്റുള്ളവരുടെ ഹൃദയം തുറക്കാനുള്ള സ്വർണ്ണത്താക്കോലാണ് അനുകമ്പ.

*വിനായക് നിർമ്മൽ*



# വി. മറിയംത്രേസ്യാ ലഘുജീവചരിത്രം

- **ജനനം:** 1876 ഏപ്രിൽ 26. ഇരിങ്ങാലക്കുട രൂപതയിലെ പുത്തൻചിറയിൽ
- **മാതാപിതാക്കൾ:** ചിറമ്മൽ മങ്കിടിയാൻ തറവാട്ടിൽ തോമായും താണ്ടമ്മയും
- **ആദ്യകുർബാനസ്വീകരണത്തിലെ ത്രേസ്യായുടെ അനുഭവം:** ഉണ്ണിയീശോ അവളെ തഴുകുകയും ഉമ്മ വയ്ക്കുകയും ചെയ്തു.
- 1904 ഡിസംബർ 8 ന് അവൾ 'മറിയം ത്രേസ്യാ' എന്ന നാമം സ്വീകരിച്ചു.
- **മറിയം ത്രേസ്യായുടെ അവസാനത്തെ ഉപദേശം:** തമ്മിൽതമ്മിൽ സ്നേഹിക്കുക; തമ്മിൽതമ്മിൽ സഹായിക്കുക.
- **വി. മറിയംത്രേസ്യാ സ്ഥാപിച്ച സന്ന്യാസിനീ സമൂഹം:** തിരുക്കുടുംബസന്ന്യാസിനീസമൂഹം എന്നറിയപ്പെടുന്നു. കുടുംബങ്ങളുടെ സമഗ്രസമുദ്ധാരണമായിരുന്നു ലക്ഷ്യം.
- **മരണം:** 1926 ജൂൺ 8 ന് കുഴിക്കാട്ടുശേരി മഠത്തിൽവച്ച്.
- വി. ജോൺ പോൾ രണ്ടാമൻ പാപ്പാ 2000 ഏപ്രിൽ 9-ാം തീയതി റോമിൽ വച്ചു വാഴ്ത്തപ്പെട്ടവളായി ഉയർത്തി.
- പരിശുദ്ധപിതാവ് ഫ്രാൻസീസ് പാപ്പാ 2019 ഒക്ടോബർ 13 ന് വിശുദ്ധയായി പ്രഖ്യാപിച്ചു.
- **വി. മറിയം ത്രേസ്യായുടെ തിരുനാൾ:** ജൂൺ 8

# പാമ്പിനെ പറ്റിച്ചേ...

ലിൻ പീറ്റർ

കഥ

**പു**ളയൻപാമ്പ് മഹാ കൊതിയനാണ്. ഏതു തവളയെ കണ്ടാലും അവൻ വിഴുങ്ങും. അതാണ് അവന്റെ പതിവ്.

ഒരു ദിവസം പുളയൻ പാമ്പ് ഇര തേടിയിറങ്ങി. പക്ഷേ ഒന്നും കണ്ണിൽപ്പെട്ടില്ല.

അങ്ങനെ അവൻ വിശന്നുവലഞ്ഞു നടക്കവേയാണ് മാക്രൻതവള അതു വഴി ചാടിച്ചാടി വന്നത്. മാക്രനെ കണ്ടതും പുളയൻ പാമ്പിന്റെ വായിൽ വെള്ളമൂറി. അവൻ ഓടിച്ചെന്ന് തവളച്ചാരെ വായി



ലാക്കി. പാവം മാക്രൻ തവള! ഇനി പാമ്പിന്റെ വയറ്റിലേയ്ക്കെത്താൻ ഏതാനും നിമിഷങ്ങളേ ബാക്കിയുള്ളൂ എന്ന് അവനു തോന്നി.

പെട്ടെന്ന് അവന് ഒരു ബുദ്ധിയുദിച്ചു. അവൻ പൊട്ടിച്ചിരിക്കാൻ തുടങ്ങി. തന്റെ വായ്ക്കകത്തിരുന്ന് മാക്രൻതവള പൊട്ടിച്ചിരിക്കുന്നതുകണ്ട് പുളയന് അദ്ഭുതമായി. "എന്ത് കരയുന്നതിനുപകരം ഇവൻ ചിരിക്കുന്നോ?"

തന്റെ സൂത്രം ഏൽക്കാൻ തുടങ്ങുന്നുവെന്നു മനസ്സിലായ മാക്രൻ തവള ഒട്ടും സമയം കളയാതെ തട്ടിവിട്ടു. "ഒരു പാമ്പിന്റെ വയറിനുള്ളിൽ ഓടിക്കളിക്കാൻ കഴിയുമെന്ന് എന്നോട് ഇന്ന് ഒരാൾ പറഞ്ഞതെത്ര ശരിയായിരുന്നു."

"ആരാണയാൾ?" ചോദിക്കാനായി പുളയൻപാമ്പ് വായ് തുറന്നതും മാക്രൻതവള പുറത്തേയ്ക്കു ചാടി രക്ഷപെട്ടതും ഒരുമിച്ചായിരുന്നു. പിന്നെ മാക്രന്റെ പൊടിപോലും അവിടെയെങ്ങും കണ്ടില്ല.





ഷിബു എം.കെ.

# നമുക്കു ചുറ്റും

## കാറിലെ സിനിമ

കാറിലിരുന്നു സിനിമ കാണാൻ അവസരമൊരുക്കി ദുബായിലെ മാളുകൾ. എമിറേറ്റ്സ് മാളിനു പിന്നാലെ ദുബായ് മാളിന്റെ ഭാഗമായ സബീൽ മാളിലും റൂഫ് ടോപ് തീയറ്റർ തുടങ്ങി. കാറോടിച്ച് റൂഫ് ടോപ്പിലെത്തി കാത്തിരുന്നാൽമതി, അകലെയുള്ള കൂറ്റൻ സ്ക്രീനിൽ സിനിമ കാണാം. കാറിലെ സ്പീക്കറിലാണ് ശബ്ദം കിട്ടുക. രണ്ടു പേർക്കേ കാറിലിരിക്കാൻ അനുവാദമുള്ളൂ. പോപ്കോണും ലഘു പാനീയങ്ങളും മറ്റും കാറിലെത്തും. 3400-3600 രൂപയും നികുതിയുമാണു നിരക്ക്.

## ബില്യൻ ഡോളർ ബേബി

കരിയറിൽ 100 കോടി ഡോളർ (ഏകദേശം 7561 കോടി) സമ്പാദ്യം നേടുന്ന ആദ്യ ഫുട്ബോളറായി പോർച്ചുഗീസ് താരം ക്രിസ്റ്റ്യാനോ റൊണാൾഡോ. സമൂഹമാധ്യമമായ ഇൻസ്റ്റഗ്രാമിൽനിന്നു ലോക്ഡൗൺ കാലത്തു നേടിയ വരുമാനത്തിലും ക്രിസ്റ്റ്യാനോ ഒന്നാം സ്ഥാനത്ത്.

## ചീഫ് സെക്രട്ടറി

ടോം ജോസ് വിരമിച്ച ഒഴിവിൽ കേരളസംസ്ഥാനത്തെ പുതിയ ചീഫ് സെക്രട്ടറിയായി വിശ്വാസ്മേത്ത ചുമതലയേറ്റു.

## അംബാസഡർ

കുവൈത്തിൽ ഇന്ത്യയുടെ അംബാസിഡറായി സിബി ജോർജിനെ നിയമിച്ചു. കോട്ടയം പാലാ പൊടിമറ്റം കുടുംബാംഗമാണ്. 1993 ൽ ആണ് ഇന്ത്യൻ വിദേശസർവ്വീസിൽ ചേർന്നത്.




പിൻവിളി

# തിരുമുറ്റം

മുത്തശ്ശി കാത്തിരിക്കുകയാണ്:
തന്റെ മടിക്കലയണയാനുള്ള
കിടാങ്ങൾക്കായ്!
വർണച്ചിറകുകൾ വീശി
ആരവക്കടൽ തീർത്ത് പാഞ്ഞുവന്നിരുന്ന
കുരുന്നുകൾ...
ആ കുസൃതികൾ... പാൽപ്പുഞ്ചിരികൾ...
നിറപ്പകർച്ചകൾ... കൊഞ്ചലുകൾ...
പാട്ടുമേളങ്ങൾ... തേങ്ങലുകൾ...
പാവം മുത്തശ്ശി!
വിദ്യാലയമുത്തശ്ശി...
എല്ലാമങ്ങൊഴിഞ്ഞുപോയ്!
എല്ലായിടവും ശൂന്യമായ്!
പഴയപോലെ തന്റെ കിടാങ്ങൾ
തിരിച്ചുവരുമോ...
ഒരുക്കിവച്ച അക്ഷരച്ചെപ്പു തുറന്ന്
അവരുടെ കണ്ണുകളിൽ വിസ്മയം
വിതയ്ക്കാൻ ഇനി തനിക്കാവുമോ...
എങ്കിലും, കാത്തിരിപ്പു തുടരാം...
ആ പദവിന്യാസങ്ങൾക്കായ്...
ആ കിളിമൊഴികൾക്കായ്...
ഇണക്കവും പിണക്കവും ഇണചേരുന്ന
ആ ദൃശ്യഭംഗിക്കായ്!

മിഷനറി.

KUNJUMISSIONARY REGISTERED NO. KL/KTM/006/2018-20
JULY - 2020 Licence No. KL/CR/KTM / WPP/ 17/2018-20
R.N.I. NO. 17050/1900 Licensed to post without prepayment

Published on 25 June 2020 : Price - Rs. 6.00



Permissu Superiorum Editor - Rev. Fr. Sebastian Kollamparampil
Published by: Rev. Fr. Sebastian Kollamparampil Printed at : CML Press, Bharananganam